**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 133** **08-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുവാനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്റഫ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുവാൻ കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് സംസ്ഥാന കൃഷി വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. അതിന്റെ ഭാഗമായി ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കു പുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ, കാർഷിക രംഗത്തെ സാങ്കേതിക വിദ്യ കർഷകരിൽ എത്തിക്കുന്നതിനുള്ള കാർഷിക വിജ്ഞാന വ്യാപന പദ്ധതി, കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി, കർഷകർ ഉൽപ്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികൾ തുടങ്ങിയവ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ ഗുണമേന്മയുള്ള ഉല്പാദനോപാദികൾ ലഭ്യമാക്കുന്നതിനു കൃഷി വകുപ്പ് ശ്രദ്ധിക്കുന്നു. കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷിസ്ഥലങ്ങൾ സന്ദർശിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ടോ; അറിയിക്കാമോ; | (ബി) | ഉണ്ട്. കൃഷി വകുപ്പിന്റെ താഴെത്തട്ടിലുള്ള ഓഫീസുകളാണ് കൃഷിഭവനുകൾ. ഓരോ പഞ്ചായത്തിലും ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. കൃഷിഭവനുകളിൽ നിലവിൽ ഒരു കൃഷി ഓഫീസറും രണ്ടോ മൂന്നോ കൃഷി അസിസ്റ്റന്റുമാരും പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് അവരുടെ കൃഷിയെ കുറിച്ചും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെയും കുറിച്ച് അറിവുകൾ നൽകുന്നത് കൃഷിഭവനുകളിലൂടെയാണ്. കൃഷിഭവൻ ഉദ്യോഗസ്ഥരുടെ പ്രധാനപ്പെട്ട ജോലികളിൽ ഒന്നാണ് കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകൽ. ആയതിനാൽ കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷി സ്ഥലങ്ങൾ സന്ദർശിച്ച് കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (സി) | പൊതുജനങ്ങൾക്ക് കൃഷിയോടുള്ള താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഉതകും വിധം കൃഷിഭവനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പരിഷ്കരിക്കുന്നതിനും തയ്യാറാകുമോ ; വ്യക്തമാക്കാമോ? | (സി) | പൊതുജനങ്ങൾക്ക് കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആയി കൃഷി ഭവനുകൾ ശാസ്ത്രീയ രീതിയിൽ പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നു. കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതോടെ ഈ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിക്കും. സ്മാർട്ട് കൃഷിഭവനുകൾ പ്രവൃത്തിപഥത്തിൽ വരുന്നതോടെ കൃഷി ഉദ്യോഗസ്ഥരുടെ സേവനം കൃഷിയിടങ്ങളിൽ കൂടുതലായി ലഭ്യമാക്കുവാനും സാധ്യമാകും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാൻ കൃഷിവകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാനവിഷ്കൃത പദ്ധതികൾ**

### 1. നെൽകൃഷി വികസന പദ്ധതി

സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം , ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 2021-22 വർഷത്തിൽ 8584.83734 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഒരു ഹെക്ടർ കരനെൽക്കൃഷി ചെയ്യുന്നതിന് 13600 രൂപയും, ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 10000 രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. 2021-22 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതി" യിലെ ഘടക പദ്ധതിയായ കരനെല്കൃഷിക്ക് 55 ലക്ഷം രൂപയും, ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായി 50 ലക്ഷം രൂപയുമാണ് നീക്കിവെച്ചിട്ടുള്ളത്.

തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വർഷം 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

പാടശേഖരസമിതികളുടെ പ്രവർത്തന ചിലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നുണ്ട്. ഇതിനായി 2021-22 വർഷത്തിൽ "നെൽകൃഷി വികസന പദ്ധതി" യിൽ ഉൾപ്പെടുത്തി 68.16266 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. പാടശേഖര സമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപയും പ്രകൃതിക്ഷോഭം ഉണ്ടാകുന്ന അവസരങ്ങളിൽ അത്യാവശ്യമായി നെൽകൃഷി സംരക്ഷിക്കുന്നതിന് നടപ്പിലാക്കേണ്ട അടിയന്തര പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ നീക്കി വെച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി വരുന്നു. അപ്രകാരം 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സംഭരിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു.

നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ 1500 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട് .

### 2. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി

താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നു.

a. എണ്ണക്കുരു വിളകളായ എള്ള് കൃഷിക്ക് 10000 രൂപ ഒരു ഹെക്ടറിന് എന്ന നിരക്കിൽ 600 ഹെക്ടറിനും, നിലക്കടല കൃഷിക്ക് ഹെക്ടറിന് 20000/- രൂപ നിരക്കിൽ 200 ഹെക്ടറിനും ചേർത്ത് ആകെ 800 ഹെക്ടറിന് ആനുകൂല്യം നൽകുന്നു.

b. കരിമ്പ് കൃഷിക്ക് ഹെക്ടറിന് 20000/- രൂപ നിരക്കിൽ 350 ഹെക്ടറിന് കർഷകർക്ക് ധനസഹായം ലഭ്യമാക്കുന്നു.
c. ഇടുക്കി, പാലക്കാട് (അട്ടപ്പാടി മേഖല) ജില്ലകളിലെ ഗോത്രവർഗ്ഗ മേഖലയിലെ 186 ഹെക്ടർ ചെറുധാന്യ കൃഷിക്കായി ധനസഹായം ലഭ്യമാക്കുന്നു.
d. സുഭിക്ഷ കേരളം ഘടകത്തിൽ ഉൾപ്പെടുത്തി തരിശ് ഭൂമിയിലെ ചെറുധാന്യ കൃഷിക്കായി ഹെക്ടറിന് 30000/- രൂപ നിരക്കിൽ 166.67 ഹെക്ടറിന് ആനുകൂല്യം നൽകുന്നു.
e. ഇടുക്കി ജില്ലയിലെ വെളുത്തുള്ളി കൃഷിക്ക് ഹെക്ടറിന് 30000/- രൂപ നിരക്കിൽ 100 ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നു.

2020 –21 സാമ്പത്തിക വർഷത്തിൽ ബജറ്റ് പ്രൊവിഷൻ 202 ലക്ഷം ആയിരുന്നു. എന്നാൽ 2021 – 22 സാമ്പത്തിക വർഷം അത് 323 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ വിളകൾക്ക് വർധിച്ച നിരക്കിൽ ഈ വർഷം ആനുകൂല്യം നൽകുന്നു. എള്ള് കൃഷിക്ക് 5000 രൂപ/ഹെ. എന്നത് 10000 രൂപ/ഹെ., നിലക്കടല കൃഷിക്ക് 15000 രൂപ/ഹെ. എന്നതിൽ നിന്നും 20000 രൂപ/ഹെ., ചെറുധാന്യ കൃഷിക്ക് 10000 രൂപ/ഹെ. എന്നതിൽ നിന്ന് 20000 രൂപ/ഹെ. എന്നിങ്ങനെ നിരക്ക് വർധിപ്പിച്ചിട്ടുണ്ട്.

### 3. പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗ വിള പ്രോത്സാഹന പദ്ധതി

താഴെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നു.

- 320 ഹെക്ടറിൽ കിഴങ്ങ് വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 20000 രൂപ നിരക്കിൽ ആനുകൂല്യം നൽകുന്നു.
- ഗോത്ര വർഗ്ഗ മേഖലയിൽ കിഴങ്ങ് വർഗ്ഗ വിളകളുടെ പ്രോത്സാഹനത്തിനായി 25000 രൂപ/ഹെക്ടർ എന്ന നിരക്കിൽ 40 ഹെക്ടർ കൃഷിക്ക് ആനുകൂല്യം നൽകുന്നു.
- 300 ഹെക്ടറിൽ പയർ വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിനും 20000 രൂപ/ഹെക്ടർ ആനുകൂല്യം ലഭിക്കും.
- സുഭിക്ഷ കേരളം എന്ന ഘടകത്തിൽ കിഴങ്ങ് വർഗ്ഗ വിളകൾ 570 ഹെക്ടറിൽ ഇടവിള കൃഷി ചെയ്യുന്നതിനും 70 ഹെക്ടർ തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിനും ആനുകൂല്യം അനുവദിക്കുന്നു. കൂടാതെ, 50 ഹെക്ടർ തരിശ് ഭൂമിയിൽ പയർ വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിനും ആനുകൂല്യം നൽകുന്നു.

2020 –21 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതം 150 ലക്ഷം രൂപ ആയിരുന്നു. ആയത് 2021-22 സാമ്പത്തിക വർഷം അത് 243 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ വിളകൾക്ക് വർധിച്ച നിരക്കിൽ ഈ വർഷം ആനുകൂല്യം നൽകുന്നു. പയർ വർഗ്ഗ വിള കൃഷിക്ക് ഹെക്ടറിന് 10000 രൂപ എന്നത് 20000 രൂപയായും, കിഴങ്ങ് വർഗ്ഗ വിള കൃഷിക്ക് ഹെക്ടറിന് 15000 രൂപ എന്നത് 20000 രൂപയായും, ഗോത്ര വർഗ്ഗ മേഖലയിലെ കിഴങ്ങ് വർഗ്ഗ വിള കൃഷിക്ക് ഹെക്ടറിന് 20000 രൂപ എന്നത് 25000 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കിഴങ്ങ് വർഗ്ഗ വിളകൾ ഇടവിള കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10,000 രൂപ നൽകുന്നു.

### 4. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും, വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻ വേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്തത് നടപ്പിലാക്കി വരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

ച്ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

**a) ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം**

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും കർഷകർ മുഖേനയും വിവിധ ഇനങ്ങൾ അടങ്ങിയ പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് സൗജന്യമായി വിതരണം നടത്തി വരുന്നു. വിവിധ ഇനം പച്ചക്കറി വിത്തുകൾ അടങ്ങിയ 10/- രൂപയുടെ 80 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, 2.50 രൂപ വിലയുള്ള 272.16 ലക്ഷം പച്ചക്കറി തൈകളും വിദ്യാർത്ഥികൾക്കും, കർഷകർക്കും, വീട്ടമ്മമാർക്കും, വിവിധ സന്നദ്ധസംഘടനകൾക്കും, മാധ്യമങ്ങൾക്കും സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**b) സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി:**

സംസ്ഥാനത്ത് സ്കൂളുകളിൽ പച്ചക്കറിത്തോട്ടം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യ ഘടകം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ തിരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിന് 4,000 രൂപ നിരക്കിൽ (ഒരു വിദ്യാലയം എന്ന കണക്കിൽ) ധനസഹായം നൽകി വരുന്നു. കൂടാതെ വിദ്യാർത്ഥി/വിദ്യാർത്ഥിനികളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുന്നുമുണ്ട്. ഇതിനായി ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്റ്റ് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയ്ക്ക് ധനസഹായം നൽകി വരുന്നു. ഈ ഘടകത്തിൽ 100 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

**c) ജില്ലാ ക്ലസ്റ്റർ വികസനം**

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, കുറഞ്ഞത് 15 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് കുറഞ്ഞത് 5 ഹെക്ടർ വരെയും പരമാവധി 7 ഹെക്ടർ വരെയും പച്ചക്കറി കൃഷി നടപ്പിലാക്കുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 - 1.25 ലക്ഷം രൂപ വീതം ധനസഹായം നൽകികൊണ്ടുള്ള പദ്ധതിയാണ്. പമ്പ്സെറ്റും മറ്റ് അനുബന്ധ ഘടകങ്ങളും വാങ്ങുന്നതിന് യൂണിറ്റൊന്നിന് 50 ശതമാനം സബ്സിഡി നിരക്കിൽ 10000/- രൂപ വരെയും, സസ്യസംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് യൂണിറ്റൊന്നിന് 1500/- രൂപ വരെയും സബ്സിഡി നൽകി വരുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതും, പന്തൽ ആവശ്യമില്ലാത്തതുമായ ഇനങ്ങളുടെ അടിസ്ഥാനത്തിൽ 20,000/- മുതൽ 25000/- രൂപ വരെ നിരക്കിൽ ധനസഹായം നൽകുന്നു. ഇതുകൂടാതെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഈ പദ്ധതി ഘടകത്തിൽ ഉൾപ്പെടുത്തി ധനസഹായം നൽകി വരുന്നു. കൂടാതെ ദീർഘകാല പച്ചക്കറി വിളകളായ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും, ഇടുക്കി ജില്ലയിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്നതിനും ധനസഹായം നൽകി വരുന്നു. ഇത്തരത്തിൽ ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 2725 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**d) ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം:**

പുതിയ 'എ' ഗ്രേഡ്ക്ലസ്റ്ററുകളുടെ രൂപീകരണത്തിനായി ക്ലസ്റ്ററൊന്നിന് 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു.

കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം:
എ ഗ്രേഡ് ക്ലസ്റ്ററുകളുടെ ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ബെസ്റ്റ് പെർഫോർമിംഗ് എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 5 ലക്ഷം രൂപ നിരക്കിൽ അധിക ധനസഹായം നൽകി വരുന്നു. ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

**e) മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും**
മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ കർഷകർക്കു നൽകുന്നു. 25 ഗ്രോബാഗുകൾ അടങ്ങിയ 2000/- രൂപ വിലവരുന്ന ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡിയിൽ 500/- രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 56333 യൂണിറ്റ് ഗ്രോബാഗ് കർഷകർക്ക് നൽകുവാനായി 845 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**f) ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം**
നഗര പ്രദേശങ്ങളിൽ പ്രവർത്തിച്ചു വരുന്ന 3 മുതൽ 5 എണ്ണം വരെയുള്ള റസിഡന്റ്സ് അസോസിയേഷനുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹരിത ഗ്രൂപ്പ് രൂപീകരിക്കുന്നു. ഹരിത ഗ്രൂപ്പുകളുടെ രജിസ്ട്രേഷനും മറ്റു അനുബന്ധ ചിലവുകൾക്കുമായി ഒരു ഗ്രൂപ്പിന് 50,000/- രൂപ ധനസഹായം നൽകി വരുന്നു. ഇതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**g) നഴ്സറികൾ സ്ഥാപിക്കൽ:**
ഗുണമേന്മയുള്ള പച്ചക്കറി തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി/ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നഴ്സറി സ്ഥാപിക്കുന്നതിന് 1000/- രൂപ ഒരു സ്ക്വയർ മീറ്റർ എന്ന കണക്കിൽ ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**h)ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ**
ചിലവ് കുറഞ്ഞ രീതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് ജലസേചനം ഉറപ്പുവരുത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം എന്ന ഘടകം നടപ്പിലാക്കി വരുന്നു. 75% സബ്സിഡിയോട് കൂടി പരമാവധി ഒരു യൂണിറ്റിന് 7500/- രൂപ ധനസഹായം നൽകി വരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 18.75 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

**i)മഴമറ നിർമ്മാണം:**
വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ഘടത്തിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**j) സേഫ്-ടു-ഈറ്റ്**
കാർഷിക സർവ്വകലാശാല വഴി പച്ചക്കറികളിലെ കീടനാശിനികളുടെ അംശം പരിശോധിക്കുന്നതിനു വേണ്ടി ധനസഹയം നൽകി വരുന്നു. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പഴം പച്ചക്കറികളുടേയും അവശിഷ്ടവിഷാംശം കണ്ടെത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ കീടനാശിനി അവിശിഷ്ട വിഷാംശ പരിശോധന നടത്തുകയും പരിശോധന ഫലം പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**k) സുഭിക്ഷ കേരളം പദ്ധതി**

സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 വർഷത്തിൽ 500 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. തരിശു നില കൃഷി, പമ്പ് സെറ്റ്, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം എന്നീ ഘടകങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**l) വി.എഫ്.പി.സി.കെ മുഖനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി**

- കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കയറ്റുമതി മൂല്യമുള്ള ഉൽപന്നങ്ങളുടെ ഉൽപാദനം, PGS/GAP മാനദണ്ഡങ്ങളനുസരിച്ചുള്ള കൃഷി എന്നിവ 500 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് പന്തൽ പച്ചക്കറി കൃഷിയ്ക്ക് 25,000/ഹെക്ടർ പന്തൽ ഇതര പച്ചക്കറി വിളകൾക്ക് 20,000/ ഹെക്ടർ, ശീതകാല പച്ചക്കറി കൃഷിയ്ക്ക് 30,000/ ഹെക്ടർ എന്ന തോതിൽ ധനസഹായം ലഭ്യമാക്കുന്നതാണ്.
- കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് താത്പര്യമുള്ള കർഷകരെ ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനുള്ള സഹായം.
- മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് 2941 കർഷകർക്ക് മണ്ണ് പരിശോധന നടത്തി വള പ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിന് പദ്ധതി.
- പന്തൽ വിളകൾക്ക് പടർന്ന് കയറുന്നതിന് ആവശ്യമായ താങ്ങ് നൽകുന്നതിന് 80 ഹെക്ടർ സ്ഥലത്ത് പെർമനന്റ്/ സെമി പെർമനന്റ് പന്തൽ നിർമ്മിക്കുന്നതിന് പദ്ധതി.
- വന്യമൃഗങ്ങളിൽ നിന്നും കൃഷിയിടങ്ങളെ സംരക്ഷിക്കുന്നതിന് സോളാർ വേലി നിർമ്മിക്കുന്നതിന് 50 ഹെക്ടറിലേയ്ക്ക് പദ്ധതി സഹായം.
- പച്ചക്കറി ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് 70 ലക്ഷം പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും 7 ലക്ഷത്തോളം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി.
- കർഷകർക്ക് ആവശ്യമായ പമ്പ് സെറ്റ്, സ്പ്രേയർ, വീൽബാരോ മറ്റ് കൃഷിയ്ക്കാവശ്യമായ ഉപകരണങ്ങൾ എന്നില ലഭ്യമാക്കുന്നതിനുള്ള പദ്ധതി സഹായം.
- കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിന് 25 ഹെക്ടറിൽ കൃത്യതാ കൃഷിയ്ക്ക് പദ്ധതി സഹായം.
- ലളിതവും സുതാര്യവുമായ വ്യവസ്ഥയിൽ കർഷകർക്ക് കുറഞ്ഞ പലിശ നിരക്കിൽ ബാങ്കിൽ നിന്നും വായ്പ സഹായം ലഭ്യമാക്കുന്നതിനും കൃത്യമായി പുതുക്കുന്നവർക്ക് 2% പലിശ സബ്സിഡി ലഭ്യമാക്കുന്നതിനുമായി 105 ലക്ഷം രൂപയുടെ പദ്ധതി.
- കർഷർക്ക് സാമൂഹിക സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാക്കുന്നതിനുള്ള സഹായം.
- പുതിയ സാങ്കേതിക വിദ്യകൾ, പുത്തൻ വിളകൾ, വിളയിനങ്ങൾ തുടങ്ങിയവ കർഷകരിലേയ്ക്കെത്തിക്കുന്നതിന് പങ്കാളിത്ത ഗവേഷണ പദ്ധതികൾ, പ്രദർശന തോട്ടങ്ങൾ, തീവ്രയത്ന പരിപാടികൾ, പരിശീലനങ്ങൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കുന്നതിന് സാമ്പത്തിക സഹായം.
- കാലാവസ്ഥാധിഷ്ഠിത വിള പരിപാലന നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് കേരള കാർഷിക സർവ്വകലാശാലയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു.
- പച്ചക്കറി നടീൽ വസ്തുക്കൾ ഉൽപാദന പദ്ധതി : പാലക്കാട് ജില്ലയിലെ ആലത്തൂരിൽ വി.എഫ്.പി.സി.കെ യുടെ കീഴിൽ ഒരു സീഡ് പ്രോസ്സസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. കൗൺസിലിന് കീഴിൽ വിത്തുൽപ്പാദനത്തിൽ പരിശീലനം സിദ്ധിച്ച 189 കർഷകർ ഉൾപ്പെടുന്ന

വിത്തുൽപാദക സംഘമാണ് വിത്ത് ഉൽപ്പാദിപ്പിക്കുന്നത്. 2021-22 സാമ്പത്തിക വർഷം 120 മെട്രിക് ടൺ ഗുണമേന്മയുള്ള വിത്തുൽപാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ട്. കൃഷി വകുപ്പിന്റെ **ഓണത്തിന് ഒരു മുറം പച്ചക്കറി** പദ്ധതിയിലൂടെ 2021-22 ൽ 47,35,385 വിത്ത് പായ്ക്കറ്റുകൾ വാണിജ്യ വാണിജ്യേതര കർഷകർ തുടങ്ങിയവർക്ക് ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ മാധ്യമ പ്രസിദ്ധീകരണങ്ങൾ വഴിയും കർഷകർക്കും വീട്ടമ്മമാർക്കും പച്ചക്കറി വിത്ത് ലഭ്യമാക്കുന്നുണ്ട്. പച്ചക്കറി കൃഷിയ്ക്ക് നടീൽ വസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി വി.എഫ്.പി.സി.കെ യുടെ കീഴിൽ മൂവാറ്റുപുഴ നടുക്കരയിൽ പ്രതിവർഷം 2 കോടി പച്ചക്കറി തൈ ഉൽപാദനശേഷിയുള്ള ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപാദന കേന്ദ്രം പ്രവർത്തിക്കുന്നു. ഇവിടെ നിന്നും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ലഭ്യമാക്കുന്നതാണ്.

- ഹരിതനഗരി പദ്ധതി: നഗര പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി പ്രകാരം പച്ചക്കറിതൈ നട്ട ഗ്രോബാഗുകൾ വീട്ടമ്മമാർക്ക് ലഭ്യമാക്കുന്നുണ്ട്.
- ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം : ഇടുക്കി, പാലക്കാട്, മലപ്പുറം, കാസർഗോഡ്, എറണാകുളം, തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ ജില്ലകളിൽ 20 ഹെക്ടർ വീതമുള്ള 98 ക്ലസ്റ്ററുകളിലായി പി.കെവി.വൈ പദ്ധതി പ്രകാരമുള്ള ജൈവ പഴം-പച്ചക്കറി കൃഷി കൗൺസിൽ നടപ്പിലാക്കി വരുന്നു. കർഷകർക്ക് ജൈവകൃഷിയിൽ പരിശീലനം, ഉൽപാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം, കൃഷിയിടത്തിൽ നിന്നും വിപണിയിലേയ്ക്ക് ഉൽപ്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി തുടങ്ങിയവ ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്നു.
- ഇതിനുപുറമേ**, 2021-22** ൽ ജൈവപച്ചക്കറി കൃഷി/ഉത്തമ കൃഷി മുറ പ്രോത്സാഹനവും സർട്ടിഫിക്കേഷനും എന്ന പദ്ധതി പ്രകാരം ചുവടെ പറയുന്ന സഹായങ്ങളും ലഭ്യമാക്കുന്നതാണ്.
- മണ്ണിന്റെ ആരോഗ്യം ഉറപ്പാക്കി പഴം-പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് കർഷകർക്ക് മണ്ണ് പരിശോധന നടത്തി വള പ്രയോഗ നിർദ്ദേശികകൾ അടങ്ങിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നതിന് പദ്ധതി.
- മണ്ണിന്റെ ഫലഭൂയിഷ്ഠിത വർദ്ധിപ്പിക്കുന്നതിനാവശ്യമായ പച്ചിലവള ചെടികൾ, ജീവാണുവളം, ഫോസ്ഫേറ്റ് ജൈവവളം എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി സഹായം.
- സംയോജിത കീട നിയന്ത്രണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബയോകൺട്രോൾ ഏജന്റുകൾ, ഫിറമോൺ കെണികൾ എന്നിവ ഉൽപാദിപ്പിച്ച്, ഇവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം.
- മാതൃകാ ജൈവ കൃഷി പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് പദ്ധതി സഹായം.
- പരമ്പരാഗത/നാടൻ പച്ചക്കറി വിത്തിനങ്ങളുടെ ഉൽപാദനത്തിനും വിതരണത്തിനും പദ്ധതി സഹായം.
- ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിലിന്റെ എക്കോഷോപ്പ് ഔട്ട് ലെറ്റുകൾ മുഖേന വിപണനം ചെയ്യുന്ന ജൈവ ഉൽപ്പന്നങ്ങൾക്ക് 2.5 രൂപ/കിലോ എന്ന നിരക്കിൽ 500 മെട്രിക് ടൺ ഉൽപ്പന്നങ്ങൾക്ക് വിപണന സഹായം.

## 5) പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം

പഴവർഗ്ഗ വിളകളുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കൃഷി വകുപ്പ് 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 2190 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ് 2021-22 പദ്ധതിയിൽ നടപ്പിലാക്കുന്ന

ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

**I) ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി**

ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി നടത്തിപ്പിനായി 1102 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ 30 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഫാമുകളും മറ്റ് ഏജൻസി/വകുപ്പുകളായ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്., കാർഷിക കർമ്മസേന/അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖേന ഉല്പാദിപ്പിക്കുന്ന ഫലവൃക്ഷ തൈകളാണ് വിതരണം ചെയ്യുന്നത്. ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ എന്നിവ 75% സബ്സിഡിയോടു കൂടിയും (25% ഗുണഭോക്തൃ വിഹിതം), തൈകൾ സൗജന്യവുമായാണ് കർഷകർക്കു നൽകുന്നത്.

ഇടുക്കി, വയനാട് ജില്ലകൾക്ക് പ്രത്യേകമായി 1437.25 ഹെക്ടർ സ്ഥലത്ത് ഫലവർഗ്ഗ കൃഷി വ്യാപിപ്പിക്കുന്നതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ടിഷ്യുകൾച്ചർ വാഴ/വാഴക്കന്ന്, പൈനാപ്പിൾ, വിദേശ ഇനങ്ങളായ റംബൂട്ടാൻ, അവക്കാഡോ, മാഗോസ്റ്റീൻ തുടങ്ങിയവ കൃഷി ചെയ്യുന്നതിനാണ് ആനുകൂല്യം നൽകുന്നത്.

സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിദേശ ഇനങ്ങളായ റംബൂട്ടാൻ, അവക്കാഡോ, മാഗോസ്റ്റീൻ, ലിച്ചി തുടങ്ങിയവ 333.33 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് കർഷകർക്ക് ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

ഇതുകൂടാതെ വി.എഫ്.പി.സി.കെ. മുഖേന ചക്ക സംഭരണ-സംസ്കരണ-വിപണനം പദ്ധതിക്കായി 75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ തുക ഇടുക്കി ജില്ലയിൽ ആരംഭിച്ച മൂല്യവർദ്ധന യൂണിറ്റിനും, വയനാട് ജില്ലയിൽ തുടങ്ങുവാനുദ്ദേശിച്ച യൂണിറ്റിനും, സംഭരണത്തിനും, കർഷകർക്കുള്ള പരിശീലനത്തിനുമായി വിനിയോഗിക്കുന്നതാണ്.

ഇത് കൂടാതെ പൂകൃഷി വികസനം ഔഷധ സസ്യകൃഷി വികസനം എന്നിവ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**6) നാളികേര വികസനം**

തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റു വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ പരിപാലന പദ്ധതി നടപ്പിലാക്കി വരുന്നു. കോക്കനട്ട് കൗൺസിൽ രൂപീകരിച്ചു തെങ്ങിന്റെ സമഗ്രവികസനം നടപ്പിലാക്കുന്നതിനും വിസ്തൃതി വ്യാപനത്തിനുമുള്ള സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു.

**7) സുഗന്ധ വ്യഞ്ജന വികസന പദ്ധതി**

കുരുമുളക് കൃഷി വ്യാപനം, കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വിസ്തൃതി വ്യാപനവും നടപ്പിലാക്കുന്നു.

**8) ഹൈ ടെക് അഗ്രികൾച്ചർ**

2021-22 വാർഷിക പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കെ.എസ്.വൈ.യിലൂടെ മൈക്രോ ഇറിഗേഷൻ/ ഫെർട്ടിഗേഷൻ, പ്രസിഷൻ ഫാമിംഗ് നടപ്പിലാക്കുന്നതിനായി അധിക സബ്സിഡി നൽകുന്നതിന് 190.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംരംഭകരെ സഹായിക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സ്ഥാപന സഹായത്തോടെ വിദഗ്ദ്ധരുടേയും സഹായ

ഗ്രൂപ്പുകളുടേയും ഒരു ശൃംഖല വികസിപ്പിച്ചെടുക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. വി.എച്ച്.എസ്.ഇ സർട്ടിഫിക്കറ്റുള്ളവരെയും വിരമിച്ച ഉദ്യോഗസ്ഥരെയും മറ്റ് വിദഗ്ദ്ധരെയും പരിശീലനം നൽകി മേൽപ്പറഞ്ഞ സഹായഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നതാണ്. ഹൈടെക് അഗ്രിക്കൾച്ചർ പ്രോത്സാഹിപ്പിക്കുന്നതിനുള്ള മാനവവിഭവശേഷി വികസന സഹായം "സമേതി" മുഖേന നൽകുന്നതാണ്. ഇതിനായി 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**9) <u>കവുങ്ങ് കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി</u>**

വടക്കൻ ജില്ലകളിൽ കവുങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും, വിപണനത്തിനും കൃഷി സംരക്ഷണത്തിനും പരിപാലനത്തിനുമായി 100.00 ലക്ഷം രൂപ 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

10) **<u>മണ്ണിന്റെയും വേരിന്റെയും ആരോഗ്യപരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും</u>**

കേരളത്തിൽ 90% മണ്ണും അമ്ലസ്വഭാവമുള്ളതാണ്. ഇതിന് പരിഹാരമായി മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കളും സൂക്ഷ്മ ദ്വതീയ മൂലകങ്ങളും സൗജന്യ നിരക്കിൽ കർഷകർക്ക് നൽകി മണ്ണിന്റെ വിള ഉല്പാദനശേഷി വർദ്ധിപ്പിച്ചു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്ന പരിപാടി പുരോഗമിക്കുന്നു. ഇത് സമീകൃത വള പ്രയോഗത്തിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും സാഹചര്യമൊരുക്കുന്നു.

11) **<u>വിള ആരോഗ്യപരിപാലനം</u>**

സുസ്ഥിര കൃഷി വികസനത്തിന്റെ പ്രധാന ഘടകമായ വിളആരോഗ്യ പരിപാലന പദ്ധതിയിൽ കീടരോഗ നിരീക്ഷണ പ്രവർത്തനങ്ങൾ, സസ്യആരോഗ്യ ക്ലിനിക്കുകൾ കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് (KCPM) മുഖേനയുള്ള കീടരോഗ നിരീക്ഷണം, കീടരോഗബാധ നിയന്ത്രിക്കുന്നതിനുള്ള പ്രകൃതിസൗഹാർദ്ദ മാർഗ്ഗ നിർദേശ ബുള്ളറ്റിനുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു.

**12) <u>ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും (ജി.എ.പി)</u>**

ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം, ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം, പച്ചില വള പ്രയോഗം, ജൈവ വളങ്ങൾ തയ്യാറാക്കുന്ന മാതൃകാ യൂണിറ്റുകൾ, കൃഷിഭവനുകൾ, എഫ്.പി.ഒ.കൾ, മറ്റ് സ്റ്റേക്ക്ഹോൾഡേഴ്സ്, വി.എഫ്.പി.സി.കെ മുഖേന പങ്കാളിത്ത ഗ്യാരന്റി സർട്ടിഫിക്കേഷൻ (പി.ജി.എസ് ) ഉൾപ്പെടെയുള്ള സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉത്പാദനം എന്നീ ഘടകങ്ങളോടെ ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന് 2021-22-ൽ ഉദ്ദേശിച്ചിരിക്കുന്നു.

13) **<u>ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും</u>**

കൃഷിവകുപ്പിന്റെ കീഴിലുള്ള 64 ഫാമുകൾ മുഖേനയും മൂന്നു ടിഷ്യൂകൾച്ചർ ലാബുകൾ മുഖേനയും നെല്ല്, പച്ചക്കറി. തെങ്ങ്, ഫലവർഗ്ഗ വിളകൾ, സുഗന്ധ വിളകൾ മുതലായവയുടെ മേൽത്തരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കുന്നു.

14) **<u>ലബോറട്ടറികളുടെ ആധുനീകരണം.</u>**

കാർഷിക സമൂഹത്തിനുവേണ്ടി കൃഷി വകുപ്പ് നൽകി വരുന്ന പ്രധാന സേവനങ്ങൾ ഫലഭൂയിഷ്ഠിത കണക്കാക്കുന്നതിനായുള്ള മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന എന്നിവയാണ്. BMFC - യുടെ ശക്തിപ്പെടുത്തൽ, രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിനും വാഹന ചെലവും ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് എന്നിവയാണ് ആധുനികവൽക്കരണത്തിന്റെ പ്രധാന ഘടകങ്ങൾ.

15) **കാർഷിക വിജ്ഞാന വ്യാപനം**

കർഷകർക്ക് യഥാസമയത്ത് ആവശ്യമായ കാർഷിക അറിവുകൾ ലഭ്യമാക്കുന്നതിനും നൂതന കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള അറിവ് നൽകുന്നതിനും പ്രായോഗിക പരിശീലനം നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആത്മ പദ്ധതിയും, ആർ.എ.റ്റി.റ്റി.സി മുഖേനയുള്ള പരിശീലന പരിപാടികളും വിവിധ സംയോജിക കൃഷി സമ്പ്രദായ മോഡലുകൾ സ്ഥാപിക്കൽ, വിവര സാങ്കേതിക വിദ്യ ഉൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള വിജ്ഞാന വിനിമയം, കർഷക അവാർഡ് വിതരണം എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു.

16) **കാർഷിക വിവരവും വിനിമയവും**

കാർഷിക വികസനത്തിനുവേണ്ടിയുള്ള വിജ്ഞാനവും വിനിമയ സഹായവും ഫാം ഇൻഫർമേഷൻ ബ്യൂറോ വഴി നടപ്പിലാക്കി വരുന്നു. വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ പ്രിന്റ് ഇലക്ട്രോണിക് മീഡിയയുടെ സഹായത്തോടെ സാങ്കേതിക വിദ്യ കൈമാറ്റവികസനമാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്.

17) **കാർഷിക സേവന കേന്ദ്രങ്ങൾ**

കർഷകതൊഴിലാളിക്ഷാമം രൂക്ഷമായി കൊണ്ടിരിക്കുന്ന ഇക്കാലത്ത് കാർഷിക മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിനും തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും കാർഷിക കർമ്മസേനകളും, അഗ്രോ സർവ്വീസ് സെന്ററുകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. സംസ്ഥാനത്തുടനീളം 99 അഗ്രോ സർവ്വീസ് സെന്ററുകളും 368 കാർഷിക കർമ്മസേനകളും പ്രവർത്തിച്ചു വരുന്നു.

18) **വിള ഇൻഷ്വറൻസ് പദ്ധതി**

പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശം നേരിടുന്നതിനായി സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. കുറഞ്ഞ പ്രീമിയം നിരക്കിൽ കർഷകർക്ക് ഉണ്ടാകുന്ന വിളനാശം നികത്താൻ കഴിയത്തക്കവിധത്തിലുള്ള ഉയർന്ന നഷ്ടപരിഹാരം നൽകുന്ന വിധത്തിലുള്ള പുനരാവിഷ്ക്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതിയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്.

19) **പ്രകൃതിക്ഷോഭവും രോഗകീടവും അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തിര പദ്ധതി**

പ്രകൃതിക്ഷോഭം മൂലവും രോഗകീടബാധ മൂലവും പെട്ടെന്നുണ്ടാകുന്ന കൃഷിനാശം പരിഹരിക്കുന്നതിന് ഈ പദ്ധതി പ്രകാരം സഹായം നൽകുന്നു.

20) **ജൈവ വൈവിധ്യ സംരക്ഷണം**

നെല്ല്, ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിവിധ വിളകളുടെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

21) **കാർഷിക ഉല്പന്നങ്ങളുടെ വിപണി വികസനം**

പ്രാദേശിക കാർഷിക ഉല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച്ച ചന്തകൾ ശക്തിപ്പെടുത്തുന്നതിനോടൊപ്പം ജില്ലാതല സംഭരണ കേന്ദ്രങ്ങൾ, 6 കാർഷിക മൊത്ത വ്യാപാര വിപണികളുടെ ശാക്തീകരണം എന്നിവ നടപ്പിലാക്കി വരുന്നു. കർഷകരും കൃഷിഭവനുകളും വിപണിയും തമ്മിൽ ബന്ധിപ്പിക്കുന്നതിനായി പ്രാദേശിക തലത്തിൽ കർഷക മിത്രസേവനം തൃശ്ശൂർ ജില്ലയിലെ പഞ്ചായത്തുകളിൽ നടപ്പിലായിവരുന്നു.

22) **കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിനായി വിപണി ഇടപെടൽ പദ്ധതി**

കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾക്ക് വിപണിയിൽ വിലത്തകർച്ച നേരിടുമ്പോൾ ന്യായവില ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിപണിയിൽ ഇടപെട്ട് ഉല്പന്നങ്ങളുടെ സംഭരണം നടത്തിവരുന്നു.

ഓണം, ക്രിസ്തുമസ്, വിഷു മുതലായ ഉത്സവകാലങ്ങളിൽ കൃഷി വകുപ്പ്, അനുബന്ധ സ്ഥാപനങ്ങളായ ഹോർട്ടികോർപ്പ്, വി എഫ് പി സി കെ എന്നിവയുടെ സഹകരണത്തോടെ കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറിയിനങ്ങൾ പൊതുവിപണിയിലെ വിലയെക്കാൾ 10-20% അധികം നൽകി നേരിട്ട് സംഭരിച്ച് അവർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കി വരുന്നു.

23) **<u>കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനയും</u>**

കാർഷിക വിളകൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി വിലയുടെ മൂല്യവർദ്ധനവിനും അഗ്രോ പ്രൊസസിംഗിനുമായി പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വയം സഹായ സംഘങ്ങൾക്കും വിപണികൾക്കും അഗ്രോ പ്രൊസസിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി) മുഖാന്തിരം സഹായം നൽകുന്നു. സ്വയംസഹായ സംഘങ്ങൾക്കും/ വ്യക്തികൾക്കുമായി സൂക്ഷ്മതല യൂണിറ്റുകൾക്ക് സഹായം നൽകുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഇത് കൂടാതെ കേരഫെഡിനു കീഴിലുള്ള പച്ചത്തേങ്ങ സംഭരിക്കുന്ന സൊസൈറ്റികൾക്ക് കൊപ്ര ഉണക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹായം നൽകുവാനും, സർക്കാർ/പൊതുമേഖല/സഹകരണ മേഖല/കുടുംബശ്രീ യൂണിറ്റുകൾ/ എഫ്.പി.ഒ കൾ എന്നിവ മുഖേനയുള്ള വിപണനത്തിനും മൂല്യവർദ്ധനവിനും പദ്ധതി അധിഷ്ഠിത സഹായം നൽകുവാനും, സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി സഹായം നൽകുവാനും, എഫ്.പി.ഒ കൾ വഴി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന തേനീച്ച കർഷകർക്ക് തേൻ ഉത്പാദനത്തിനും തേനിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രചാരണത്തിനുമുള്ള സഹായവും, കാർഷിക മേഖലയിലെ അഗ്രി സ്റ്റാർട്ടപ്പുകളേയും സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള കണ്ടുപിടിത്തങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷക ഉല്പാദക സംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനും, കർഷക ഉല്പാദക സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി എഫ്.പി.ഒ പോർട്ടൽ വികസിപ്പിക്കാനും മുന്നോട്ടുകൊണ്ടുപോകാനും 2021-22 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

24) **<u>വയനാട് ജില്ലയുടെ കാർഷിക മേഖല പുനരുജ്ജീവനം</u>**

സംസ്ഥാനത്തെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള ഒരു ജില്ലയായ വയനാട്ടിലെ കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിയാണിത്. സംയോജിത കുരുമുളക് വികസനം, കാപ്പി കൃഷിയുടെ വിസ്തൃതി വർദ്ധനവ്, മണ്ണ് പരിപോഷണ വസ്തുക്കളുടെ വിതരണം , പ്രളയാനന്തര മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ, ജാതി, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ കൃഷിയും പുനരുജ്ജീവിപ്പിക്കുക എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

25) **<u>ബയോ ഗ്യാസ് പ്ലാന്റുകൾക്ക് അധിക ധനസഹായം</u>**

പാരമ്പര്യേതര ഊർജ്ജോത്പാദന മാർഗ്ഗമായ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 2M3 ദീനബന്ധു മോഡൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പൊതു വിഭാഗങ്ങൾക്ക് 12000/- രൂപയും പട്ടിക ജാതി പട്ടിക വർഗ്ഗവിഭാഗങ്ങൾക്ക് 13000/- രൂപയും ധനസഹായം നൽകുന്നു.

26) <u>ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന നിധി (ആർ.ഐ.ഡി.എഫ്)</u>

ആർ.ഐ.ഡി.എഫ്-നു കീഴിൽ അംഗീകരിച്ച പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് വിഹിതം. വിപണിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൽ നിന്നുള്ള ആർ.ഐ.ഡി.എഫ് വിഹിതം ഉപയോഗിക്കുന്നതാണ്.

27) **<u>കൃഷി പാഠശാല</u>**

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നത് കൂടാതെ ലാഭകരമായി കൃഷി ചെയ്യുന്നതിനാവശ്യമായ ശാസ്ത്രീയവും

സാങ്കേതികവുമായ വശങ്ങളെ സംബന്ധിച്ചുള്ള സമകാലിക വിവരങ്ങൾ പ്രദാനം ചെയ്യുവാൻ ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നു. വിവിധ പദ്ധതികൾക്കു കീഴിൽ നിർദ്ദേശിച്ചിട്ടുള്ള പരിശീലന, ബോധവൽക്കരണ പരിപാടികൾ കൃഷി പാഠശാല പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു.

28) <u>പുനർജ്ജനി – പ്രളയാനന്തര കാർഷിക മേഖലയുടെ പുനസ്ഥാപനം</u>

2018–2019 വർഷങ്ങളിലെ കനത്ത മഴയെത്തുടർന്നുണ്ടായ പ്രളയവും പ്രകൃതിദുരന്തങ്ങളും കാർഷിക വിളകൾക്കും സംഭരിച്ച ഉല്പന്നങ്ങൾക്കും കനത്ത നഷ്ടമാണ് ഉണ്ടാക്കിയത്. കൂടാതെ കർഷകരുടെ പാടങ്ങളിലും ഡിപ്പാർട്ടുമെന്റ് ഫാമുകളിലും ഓഫീസ് കെട്ടിടങ്ങളിലും സംഭരിച്ചു വച്ചിരുന്ന കാർഷിക ഉല്പന്നങ്ങൾ, യന്ത്രസാമഗ്രികൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കും കേടുപാടുകൾ സംഭവിച്ചു. 2018 ലും 2019 ലുമായി സംഭവിച്ച പ്രളയത്തിന്റെയും മണ്ണൊലിപ്പിന്റെയും ഫലമായുണ്ടായ കേടുപാടുകൾ നികത്തുകയാണ് പദ്ധതി ലക്ഷ്യമാക്കുന്നത്.

മണ്ണൊലിപ്പിൽ പൂർണ്ണനാശം സംഭവിച്ച കൃഷിഭൂമിയുടെ പുനരുജ്ജീവനം, കാർഷിക വകുപ്പിന് കീഴിലുള്ള ഫാമുകളുടേയും ഓഫീസ് കെട്ടിടങ്ങളുടേയും കേടുപാടു തീർക്കൽ, നഴ്സറികൾ, കമ്പോളങ്ങൾ എന്നിവയുടെ വികസനം, യന്ത്രവൽക്കരണം, തോട്ടങ്ങളുടേയും പാടശേഖരങ്ങളുടേയും അടിസ്ഥാന സൗകര്യ വികസനം, പ്രധാന വിളകളുടെ കൃഷി വിസ്തൃതി വ്യാപനവും പുനസ്ഥാപിക്കലും എന്നിവയാണ് പദ്ധതിയ്ക്കു കീഴിൽ നടപ്പിലാക്കി വരുന്ന മറ്റ് പ്രവർത്തനങ്ങൾ.

29) **<u>കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി</u>**

കുട്ടനാട് പാടശേഖരങ്ങളിൽ പശ്ചാത്തല സൗകര്യവികസനത്തിനും പരമ്പരാഗത പെട്ടി, പറ സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിയൽ ഫ്ലോ പമ്പുകൾ സ്ഥാപിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, പുനർജ്ജനി എന്നീ വിവിധ പദ്ധതികൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്ന വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രവർത്തനങ്ങൾ സംയോജിപ്പിക്കുകയും, കെ.എൽ.ഡി.സി നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും ഇതിലേയ്ക്ക് സംയോജിപ്പിച്ചു നടത്തി വരുന്നു.

30) <u>കേരള ഫാം ഫ്രഷ് – പഴം പച്ചക്കറി തറവില</u>

കർഷകർക്ക് 16 ഇനം പഴം പച്ചക്കറികളുടെ വിലയിൽ ഇടിവുണ്ടാകുന്ന സാഹചര്യത്തിൽ സാമ്പത്തിക സഹായം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. നിർദ്ദിഷ്ട അടിസ്ഥാന വിലയിൽ നിന്നും ഉല്പന്നങ്ങളുടെ വിലയുടെ വ്യത്യാസം സർക്കാർ ഇൻസെന്റീവായി കർഷകനു നൽകി വരുന്നു.

31) **<u>കർഷക ക്ഷേമഫണ്ട് ബോർഡ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴി നിലവിൽ നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികളും ക്ഷേമ പദ്ധതികളും ബോർഡ് വഴി ഏറ്റെടുക്കും. 2021–22 സാമ്പത്തിക വർഷത്തിൽ ബോർഡിന്റെ പ്രവർത്തനസഹായമായി 200.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**<u>സുഭിക്ഷകേരളം</u>**

കാർഷിക മേഖലയിൽ പ്രധാനമായും ലക്ഷ്യമിട്ടത് തരിശുഭൂമിയിൽ കൃഷി ചെയ്യുക, സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുക, ഒരുകോടി ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക, മഴമറയിലെ കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക വിപണി ശക്തിപ്പെടുത്തുക, കർഷകർക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുക എന്നിവയാണ്.

2020–21 വർഷത്തിൽ നടപ്പാക്കിയ തരിശുഭൂമി കൃഷിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1). തരിശ് നില കൃഷി:** തരിശ് നിലകൃഷിയിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗവിളകൾ, പയർവർഗ്ഗവിളകൾ, ചെറുധാന്യങ്ങൾ (Millets) എന്നിവയുടെ വിസ്തൃതി 22,847 ഹെക്ടർ വിസ്തൃതി വർദ്ധിച്ചിട്ടുണ്ട്.

**(എ) നെല്ല്:** സംസ്ഥാനത്തുള്ള 5000 ഹെക്ടർ തരിശു നിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിന് ഹെക്ടറിന് 40000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 9070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ബി) പച്ചക്കറി കൃഷി**: ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടുപിടിച്ച്, 7000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40000 രൂപ സഹായമായി നല്കാൻ പദ്ധതിയിട്ടിരുന്നു . നാളിതുവരെ 4527 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(സി) ഫല വർഗ്ഗ കൃഷി:** ആരോഗ്യദായകമായ ഭക്ഷണങ്ങളുടെ പട്ടികയിൽ പഴങ്ങൾ ഒഴിച്ചുകൂടാനാകാത്തതാണ്. അൻപതോളം പഴയിനങ്ങൾ കേരളത്തിൽ ഉണ്ടെങ്കിലും നേന്ത്രൻ, ഞാലി പൂവൻ, പൂവൻ, കപ്പവാഴ, പാളയംകോടൻ, റോബസ്റ്റ എന്നീ ഇനങ്ങളാണ് വ്യാപകമായി കൃഷി ചെയ്ത് ഒരു വർഷത്തിനകം ഉല്പാദനക്ഷമമാവുകയും ഭക്ഷ്യ – പോഷക ഭദ്രത ഉറപ്പ വരുത്തുകയും ചെയ്യും. നടപ്പ് വർഷം 7000 ഹെക്ടർ സ്ഥലത്ത് യോജ്യമായ ഫലവർഗ്ഗ കൃഷി വ്യാപനത്തിന് ഹെക്ടർ ഒന്നിന് 40000 രൂപ പ്രകാരം ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 3381 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഡി) കിഴങ്ങ് കൃഷി:** നാമമാത്രമായ പരിചരണം കൊണ്ട് മികച്ച ഉല്പാദനം ലഭിക്കുന്ന കിഴങ്ങുവിളകൾ, ഉഷ്ണമേഖലയായ കേരളത്തിൽ വളരെ യോജിച്ചതാണ്. ചേന, മരച്ചീനി, ചേമ്പ്, കാച്ചിൽ, മധുര കിഴങ്ങ്, കൂർക്ക തുടങ്ങിയ ഒട്ടനവധി കിഴങ്ങ് വർഗ്ഗങ്ങൾ കൃഷി ചെയ്ത് 5000 ഹെക്ടർ തരിശ് ഭൂമിയിൽ ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷി ചെയ്യിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. നാളിതുവരെ 4908 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

`**(ഇ) പയർ വർഗ്ഗ കൃഷി :** മാംസ്യത്തിന്റെ മികച്ച സ്രോതസ്സായ പയർ വർഗ്ഗങ്ങൾ നിത്യവും ആഹാരത്തിന്റെ ഭാഗമാക്കേണ്ടത് ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ് ഉഴുന്ന്, മുതിര, തുവര, ചെറുപയർ, വൻപയർ ഒന്നാം വിളക്ക് ശേഷമോ രണ്ടാം വിളക്ക് ശേഷമോ കൃഷി ചെയ്യുന്നത് ഇവിടത്തെ സമ്പ്രദായമായിരുന്നു. 500 ഹെക്ടർ സ്ഥലത്ത് 30000 രൂപ സഹായത്തോടെ പയർ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 637 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്

**(എഫ്) ചെറുധാന്യങ്ങൾ**: സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനത്തിൽ താഴേ മാത്രം ഉല്പാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ ഫലഫൂയിഷ്ടത കുറഞ്ഞ മണ്ണിൽ വലിയ പരിചരണമില്ലാതെ തന്നെ ഉല്പാദിപ്പിച്ചെടുക്കാവുന്ന ഭക്ഷ്യവിളയാണ് ചെറുധാന്യങ്ങൾ. പ്രാഥമികമായി 500 ഹെക്ടർ തരിശ് സ്ഥലത്ത് ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 325 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 149163 കർഷകർ കൃഷിയിൽ ഏർപ്പെട്ടു.

## 2. ജൈവഗൃഹം (Integrated Farming System)

ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവഗൃഹം-സംയോജിത കൃഷി (IFS). കാർഷിക മേഖലയിൽ സംഭവിക്കുന്ന കൃഷി ഭൂമിയുടെ തുണ്ടുവല്ക്കരണവും മനുഷ്യരുടെയും പ്രകൃതിയുടെയും ഇടപെടലുകളും കാരണം കാർഷിക മേഖലയുടെ

പുരോഗതി വെല്ലുവിളികൾ നിറഞ്ഞതാവുകയും അതിന്റെ ഫലമായി കാർഷിക പുരോഗതിക്ക് ഇടിവ് സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം 2018, 2019 വർഷങ്ങളിൽ കേരളത്തിൽ സംഭവിച്ച അതിരൂക്ഷമായ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാർഷിക മേഖലയേയും കർഷകരുടെ ജീവിത നിലവാരത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സംയോജിത കൃഷിരീതികൾ അനുവർത്തിച്ചുകൊണ്ടുള്ള സുസ്ഥിരകൃഷി വികസനം കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തി കർഷകരുടെ നിലനിൽപ്പ് ഉറപ്പുവരുത്തുന്നതിന് ലക്ഷ്യമിടുന്നു. പദ്ധതിയിൽ ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് പ്രത്യേക ഊന്നൽ നൽകുകയും ചെയ്യുന്നു.

കൃഷി വകുപ്പിന്റെ ജൈവഗൃഹം-സംയോജിതകൃഷി പദ്ധതിയിൽ 14,000 സംയോജിത കൃഷി യൂണിറ്റുകൾക്ക് ധനസഹായം നൽകുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി പദ്ധതി നടത്തിപ്പിന് വിഭാവനം ചെയ്തിട്ടുള്ളത്. 2020-21 വർഷത്തിൽ 35 കോടി രൂപയും 2021-22-ൽ 15 കോടി രൂപയുമാണ് സംസ്ഥാന സർക്കാർ നൽകിയത്. ഇത്തരത്തിൽ സംരംഭം തുടങ്ങുന്നതിന് തയ്യാറായി വരുന്ന കർഷകർക്ക് ഇതിനുവേണ്ട വായ്പാ സൗകര്യവും ബാങ്കുകളുടെ സഹകരണത്തോടെ കൃഷിവകുപ്പ് സജ്ജമാക്കി നൽകുന്നുണ്ട്. കൃഷി ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മൂന്ന് തരത്തിലാണ് ധനസഹായം. 5 മുതൽ 30 സെന്റ് വരെ സ്ഥല വിസ്തൃതിയുള്ളവർക്ക് 30,000/- രൂപ, 30 മുതൽ 40 സെന്റ് വരെ 40,000/- രൂപ, അതിനുമുകളിൽ 50,000/- രൂപ എന്നിങ്ങനെയാണ് ധനസഹായ നിരക്ക്. പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ/ആട്ടു വളർത്തൽ/പോഷകത്തോട്ടം/തേനീച്ച കൃഷി/കൂൺ കൃഷി/പശു വളർത്തൽ/മത്സ്യ കൃഷി/ജൈവവള നിർമ്മാണം/മുയൽ വളർത്തൽ/അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും അഞ്ച് സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവഗൃഹം പദ്ധതി. കർഷക വരുമാനം ഇരട്ടിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു പദ്ധതി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കി അംഗീകരിക്കപ്പെട്ട ശേഷമാണ് ഓരോ ഗുണഭോക്താവും പദ്ധതി ആരംഭിച്ചിരിക്കുന്നത്. ഒന്നിലധികം സംരംഭങ്ങൾ ഉള്ളതുകൊണ്ട തന്നെ വർഷം മുഴുവൻ വരുമാനം കർഷകന് ഉറപ്പുവരുത്താനാകും എന്നതാണ് സംയോജിത യൂണിറ്റുകളുടെ പ്രത്യേകത.

പരമാവധി യുവാക്കളെയും കോവിഡ്-19 മൂലം നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് ഒരു സുസ്ഥിരവരുമാനം ഉറപ്പുവരുത്തുക എന്നതു കൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. 2748 യുവാക്കളും 704 പ്രവാസികളും, 2717 വനിതകളും ഉൾപ്പെടെ ഇതുവരെ 14463 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്ത് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. 14,000 ഗുണഭോക്താക്കളായിരുന്നു ലക്ഷ്യമെങ്കിലും പദ്ധതിയുടെ പൊതു സ്വീകാര്യത മൂലം കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായി. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പു വരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. ഇത്തരം പ്രോജക്ടുകൾ ബാങ്കുകളിൽ സമർപ്പിച്ച് ആവശ്യമുള്ളവർക്ക് വായ്പാ സൗകര്യങ്ങൾ കിസാൻ ക്രെഡിറ്റ് കാർഡിലൂടെ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ, കൃഷി അനുബന്ധ വകുപ്പുകൾ എന്നിവയുമായി സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നതെന്നത് ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. അതുകൊണ്ടു തന്നെ വിവിധ വകുപ്പുകളിൽ നിന്നും അത്തരം സംരംഭങ്ങൾക്കുള്ള ധനസഹായവും കൂടി ഗുണഭോക്താവിന് ലഭ്യമാകും. വളരെ വേഗം ആദായം ലഭ്യമായി തുടങ്ങുകയും നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ വായ്പ തിരിച്ചടയ്ക്കുന്നതിനും ഗുണഭോക്താക്കൾക്ക് സാധിക്കുന്നതാണ്. നാളിതുവരെ 34.91 കോടി രൂപ (34.19 കോടി : 2020-21, 0.716 കോടി : 2021-22) കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്.

**3. മഴമറ**

സമഗ്ര പച്ചക്കറി വികസന പദ്ധതിയിലും സുഭിക്ഷ കേരളം പദ്ധതിയിലും ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന ഘടകമാണ് മഴമറ നിർമ്മാണം. 2021-22 സാമ്പത്തിക വർഷം 1.507 ലക്ഷം സ്ക്വയർ മീറ്റർ (1507 എണ്ണം) മീറ്റർ മഴമറ നിർമ്മിക്കുന്നതിനായി 753.5 ലക്ഷം രൂപ അനുവദിച്ചു. 100 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണത്തിന് ആകെ ചിലവ് വരുന്ന തുകയിൽ 75 ശതമാനം സബ്സിഡിയോട് കൂടി 50000/- രൂപയിൽ അധികരിക്കാതെയാണ് കർഷകർക്കു നൽകുന്നത്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

**4.ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ**

കൃഷി വകുപ്പ് സംസ്ഥാനത്ത് വിവിധ ഇനം ഫലവർഗ്ഗ വിളകളുടെ (ഡെവലപ്പ്മെന്റ് ഓഫ് ഫ്രൂട്ട്സ്) വികസനത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ 2190 ലക്ഷം രൂപയുടെ വർഷിക പദ്ധതിക്കായി ഭരണാനുമതി നൽകി. ടി പദ്ധതിയുടെ ഒരു മുഖ്യ ഘടകമാണ് ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി. വാർഷിക പദ്ധതി വിഹിതത്തിൽ നിന്നും ഒരു കോടി ഫലവൃക്ഷ തൈ വിതരണം പദ്ധതി നടത്തിപ്പിനായി 1102 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശത്ത് നിന്ന് കൊണ്ടു വന്ന് നട്ടുപിടിപ്പിച്ച് വിളയിക്കാൻ കഴിയുന്നതുമായ ഫലവർഗ്ഗങ്ങളുമായ പ്ലാവ്, മാവ്, മാതളം, പാഷൻ ഫ്രൂട്ട്, ചാമ്പ ഇനങ്ങൾ, സപ്പോട്ട, അവക്കാഡോ, ഓറഞ്ച്, പേരക്ക, നാരക ഇനങ്ങൾ, മുരിങ്ങ, കറിവേപ്പ്, കൊടംപുളി, റമ്പൂട്ടാൻ, മാഗോസ്റ്റീൻ, പപ്പായ, വാഴ ഇനങ്ങൾ, ചതുരപുളി, ഡ്രാഗൺ ഫ്രൂട്ട്, ലിച്ചി, പാൽപ്പഴം, മിറക്കിൾ ഫ്രൂട്ട്, മുള്ളാത്ത, വെസ്റ്റ് ഇന്ത്യൻ ചെറി, വുഡ് ആപ്പിൾ, ഇലുമ്പൻ പുളി, സീതപ്പഴം (അനോന), ബറാബ, കസ്റ്റേഡ് ആപ്പിൾ (ആത്ത), നെല്ലി തുടങ്ങിയ 30 ഇനം ഫലവൃക്ഷങ്ങളുടെ ഒരു കോടി തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനും, പൊതുസ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്നതിനുമായി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. **"ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ"** രണ്ട് ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി 2021 ജൂൺ 11 മുതൽ 2021 സെപറ്റംബർ 17 വരെയും, രണ്ടാം ഘട്ടം 2021 സെപ്റ്റംബർ 18 മുതൽ 2022 ഫെബ്രുവരിയിൽ അവസാനിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും മറ്റ് ഏജൻസി/വകുപ്പുകളായ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്., വനം വകുപ്പ് എന്നിവ മുഖേന ഉല്പാദിപ്പിക്കുന്ന ഫലവൃക്ഷ തൈകളാണ് വിതരണം ചെയ്യുന്നത്. പദ്ധതി പ്രകാരം നടീൽ വസ്തുക്കളായ, ഗ്രാഫ്റ്റ്/ലെയർ/ ടിഷ്യൂകൾച്ചർ വാഴ, വാഴക്കന്ന്, ഫലവൃക്ഷത്തൈകൾ തുടങ്ങിയവയാണ് വിതരണം നടത്തുന്നത്. ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ എന്നിവ 75% സബ്സിഡിയോടു കൂടിയും (25% ഗുണഭോക്തൃ വിഹിതം), തൈകൾ സൗജന്യവുമായാണ് കർഷകർക്കു നൽകുന്നത്.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഫാമുകളും മറ്റ് ഏജൻസി/വകുപ്പുകളായ കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ., കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്., കാർഷിക കർമ്മസേന/അഗ്രോ സർവ്വീസ് സെന്റർ എന്നിവ മുഖേന ഉല്പാദിപ്പിക്കുന്ന ഫലവൃക്ഷ തൈകളാണ് വിതരണം ചെയ്യുന്നത്. കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്./ അയ്യങ്കാളി തൊഴിലുറപ്പ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ വീട്ടുവളപ്പുകൾ, പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, സർക്കാർ കെട്ടിടങ്ങളുടെ വളപ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നതിനും അവയുടെ ഘട്ടംഘട്ടമായുള്ള പരിപാലനവും ഉറപ്പു വരുത്തുന്നു.

## 5. വായ്പ്പാ സൗകര്യം

കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയാണ് (Special Liquidity facility -2 SLF-2 ). റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രത്യേക ധനസഹായമായി നബാർഡ് മുഖേന റീജിയണൽ റൂറൽ ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയിലൂടെ കർഷകർക്ക് കാർഷിക പ്രവർത്തനങ്ങൾ തടസമില്ലാതെ നടത്തുന്നതിനുള്ള വായ്പ സൗകര്യം ഉറപ്പാക്കുകയാണ് SLF -2 യിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത് . കർഷകർക്ക് പുതുതായി വായ്പ അനുവദിക്കുന്നതിനാണ് ഈ സൗകര്യം നടപ്പിലാക്കുന്നത് . സംസ്ഥാനത്തിന് 1870 കോടി രൂപ (കേരള ഗ്രാമീൺ ബാങ്കിന് 1000 കോടി രൂപയും ,കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് 870 കോടി രൂപ) യാണ് കർഷകർക്ക് പുതിയ ഹ്രസ്വകാല വായ്പ്പാ നൽകുന്നതിനായി അനുവദിച്ചിട്ടുള്ളത് .

ഇതിൽ 1200 കോടി രൂപയാണ് ചെറുകിടനാമമാത്രകർഷകരുടെ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു നീക്കി വെച്ചിട്ടുള്ളത് . പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾ , കേരള ഗ്രാമീൺ ബാങ്ക് എന്നിവ മുഖേനയാണ് കർഷകർക്ക് വായ്പ്പാ ലഭ്യമാകുന്നത്. വായ്പ കാലാവധി കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയാണ് (Special Liquidity facility -2 SLF-2 ). റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പ്രത്യേക ധനസഹായമായി നബാർഡ് മുഖേന റീജിയണൽ റൂറൽ ബാങ്കുകൾ, കോ-ഓപ്പറേറ്റീവ് ബാങ്കുകൾ എന്നിവയിലൂടെ കർഷകർക്ക് കാർഷിക പ്രവർത്തനങ്ങൾ തടസമില്ലാതെ നടത്തുന്നതിനുള്ള വായ്പ സൗകര്യം ഉറപ്പാക്കുകയാണ് SLF -2 യിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത് .

കർഷകർക്ക് പുതുതായി വായ്പ അനുവദിക്കുന്നതിനാണ് ഈ സൗകര്യം നടപ്പിലാക്കുന്നത് . സംസ്ഥാനത്തിന് 1870 കോടി രൂപ (കേരള ഗ്രാമീൺ ബാങ്കിന് 1000 കോടി രൂപയും ,കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് 870 കോടി രൂപ) യാണ് പുതിയ ഹ്രസ്വകാല വായ്പ്പാ നൽകുന്നതിനായി അനുവദിച്ചിട്ടുള്ളത് . ഇതിൽ കർഷകർക്ക് 785 കോടി രൂപയുടെ വായ്പ്പാ ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്. ഒരു വർഷം പ്രാഥമിക കാർഷിക സഹകരണ സൊസൈറ്റികൾ മുഖേനയും കേരള ഗ്രാമീൺ ബാങ്ക് മുഖേനയും വായ്പകൾ നൽകിവരുന്നു. യഥാർത്ഥ കർഷകർക്ക് വായ്പ സൗകര്യം ലഭ്യമാകുന്നതിനുള്ള സഹായങ്ങൾ നൽകുന്നതിനും, വായ്പ ലഭ്യത ഉറപ്പാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ കൃഷി ആഫീസർ കൺവീനറായും പഞ്ചായത്തിലെ പരമാവധി സർവീസ് ഏരിയ വരുന്ന ബാങ്ക് മാനേജർ ചെയർമാനായും ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്. അംഗങ്ങളായി പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന എല്ലാ ബാങ്കുകളുടെയും മാനേജർമാർ, പ്രാഥമിക സഹകരണ സംഘം പ്രതിനിധി, കാർഷിക അനുബന്ധ വകുപ്പുകളിലെ പ്രതിനിധികൾ എന്നിവരെയും പ്രത്യേക ക്ഷണിതാവായി ലീഡ് ബാങ്ക് മാനേജരായും ഉൾപ്പെടുത്തിയിട്ടുണ്ട് .

ഇതുകൂടാതെ വായ്പ തിരിച്ചടക്കാനുള്ള കാലാവധി ആറ് മാസം കൂടി നീട്ടിനൽകുന്നതിന് മോറട്ടോറിയം പ്രഖ്യാപിക്കുവാനും ഈ കാലഘട്ടത്തിലെ പലിശ ഇളവ് നൽകുവാനും സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയിൽ ശുപാർശ സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്**.**

ഇത് കൂടാതെ പാട്ടക്കൃഷി ചെയ്യുന്ന കർഷകർക്ക് tripartiate agreement മുഖേന വായ്പ് സൗകര്യം ഉറപ്പുവരുത്താൻ സർക്കാർ (SLBC) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ എസ്.എൽ.ആർ.എം മീറ്റിംഗിൽ ആവിശ്യം ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്.

## 6. വിപണിയിലുള്ള ഇടപെടലുകൾ

കാർഷികോല്പന്നങ്ങൾക്ക വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്.

മരച്ചീനി, നേന്ത്രൻ, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്.

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തിരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങു വിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഘടകങ്ങൾ മറ്റ പദ്ധതികളായ നെല്ല് വികസന പദ്ധതി, പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, പയർ, കിഴങ്ങുവർഗ്ഗങ്ങളുടെ വികസന പദ്ധതി, പഴവർഗ്ഗ വികസന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

സ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാൻ കൃഷിവകുപ്പ് കർഷർക്കായ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ . നം | പദ്ധതിയുടെ പേര് |
|---|---|
| 1 | **മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ**<br><br>നഴ്സറി നിർമ്മാണം, ടിഷ്യു കൾച്ചർ തൈ ഉത്പാദനം, പച്ചക്കറി വിത്തു ഉത്പാദനം , ഫലവർഗ കൃഷി വ്യാപനം, പുഷ്പകൃഷി വ്യാപനം , സുഗന്ധ വിള വ്യാപനം, തോട്ട വിള വ്യാപനം, കൂൺ കൃഷി, ജലസംഭരണ പരിപാലന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നൂതന കൃഷി രീതികൾ , ജൈവ കൃഷി പ്രോത്സാഹനം , ജൈവ വള ഉത്പാദനം, സംയോജിത കീട രോഗ നിയന്ത്രണം, തോട്ടക്കൃഷി യന്ത്രവൽക്കരണം, കാർഷിക സംസ്കരണവും മൂല്യവർദ്ധനവും , വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ധനസഹായം നല്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. എല്ലാ പദ്ധതി ഘടകങ്ങളും പ്രൊജക്റ്റ് അടിസ്ഥാനത്തിലാണ് നടപ്പാക്കുന്നത്. പ്രൊജക്റ്റ് അംഗീകാരം സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ ആണ് നൽകേണ്ടത്. കൃഷി പൂർത്തീകരിക്കുന്നതോടെ ഇത് സംബന്ധിച്ച വൗച്ചറുകൾ, ബില്ലുകൾ, ഫോട്ടോ, ആധാർ, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ കൃഷി ഭവനിൽ നൽകുന്നതോടെ അർഹമായ ധനസഹായം അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. കാർഷികാധിഷ്ഠിത സംരംഭങ്ങൾ തുടങ്ങുന്നതിനു കൃഷി ഓഫീസറുമായി ഉടമ്പടി വച്ച് , സംരംഭത്തിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി, ആവശ്യമായ അനുമതികളെല്ലാം വാങ്ങേണ്ടത് ഗുണഭോക്താവിന്റെ ചുമതലയാണ്. യന്ത്രസാമഗ്രികളും, നവീന ഉത്പന്നങ്ങളും കർഷകർ സ്വന്തമായി വാങ്ങി സ്ഥാപിക്കേണ്ടതാണ്. |

| | |
|---|---|
| 2 | **രാഷ്ട്രീയ കൃഷി വികാസ് യോജന**<br><br>കാർഷിക വികസനത്തിനായുള്ള വിവിധ പ്രൊജെക്ടുകൾ തയ്യാറാക്കി SLEC ക്കു സമർപ്പിച്ചു, അംഗീകാരം വാങ്ങി , പ്രോജെക്ടിൽ പറയുന്ന മാനദണ്ഡങ്ങളും, നിബന്ധനകളും പാലിച്ചു പദ്ധതി ബന്ധപ്പെട്ട ഏജൻസി നടപ്പാക്കും. |
| 3 | **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ**<br><br>കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനു, വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതുണ്ട്. പദ്ധതി പ്രകാരമുള്ള ധനസഹായം യന്ത്രങ്ങളുടെ ഭൗതിക പരിശോധനയും, ബില്ലുകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതോടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. |
| 4 | **നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ**<br><br>പദ്ധതി പ്രകാരം പമ്പ്സെറ്റ് , സ്പ്രേയർ , പൈപ്പ്ലൈൻ , കാർഷിക പ്രദർശനത്തോട്ടം എന്നിവയ്ക്കായി ധനസഹായം ലഭിക്കുന്നതിന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം കൃഷി ഭവനിൽ അപേക്ഷ നൽകാം. അനുമതി ലഭിക്കുന്നതോടെ ബില്ലുകൾ വൗച്ചറുകൾ എന്നിവ കൃഷി ഭവനിൽ സമർപ്പിച്ചു ധനസഹായം അക്കൗണ്ടിലൂടെ കൈപ്പറ്റാം. ഈ പദ്ധതി NFSM പദ്ധതിക്കായി തെരെഞ്ഞെടുത്ത ജില്ലകളിൽ മാത്രമേ ലഭ്യമാകൂ. |
| 5 | **സബ് മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി**<br><br>കാർഷിക വനവൽക്കരണത്തിനാവശ്യമായ നഴ്സറി നിർമാണത്തിനു ധനസഹായം ലഭിക്കുന്നതിന് കൃഷി ഭവനിലോ ഗ്രാമപഞ്ചായത്ത് ഓഫീസിലോ അക്കൗണ്ട് രേഖകൾ ഭൂമിയുടെ രേഖകൾ എന്നിവ സഹിതം അപേക്ഷ നൽകാവുന്നതാണ്. നഴ്സറിക്കുള്ള അടിസ്ഥാന സൗകര്യങ്ങളും, സാങ്കേതിക സഹായവും ഗുണഭോക്താവ് കണ്ടെത്തണം. |
| 6 | **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ**<br><br>ആത്മ പദ്ധതിയുടെ ഭാഗമായി വിവിധ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിനും, കാർഷിക സങ്കേതങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കൃഷി ഭവനിൽ ഭൂമിയുടെ രേഖകൾ, ബാങ്ക് അക്കൗണ്ട് രേഖകൾ എന്നിവ സഹിതം കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കുക. പരിശീലനം, പഠനയാത്രകൾ എന്നിവ |

| | |
|---|---|
| | സംബന്ധിച്ച വിവരങ്ങളും ഇവിടുന്നു ലഭിക്കും. |
| 7 | **നാളികേര വികസന ബോർഡ് പദ്ധതികൾ**<br><br>നാളികേര വികസന ബോർഡ് പദ്ധതികൾ കൃഷി ഭവനിൽ ബാങ്ക് അക്കൗണ്ട് രേഖകൾ സഹിതം ഭൂമിയുടെ രേഖകൾ സമർപ്പിച്ച ശേഷം ലഭ്യമാവും. തെങ്ങു കൃഷി പുനരുജ്ജീവനം, പ്രദർശന തോട്ടം, തെങ്ങിന് ഇൻഷ്വറൻസ്, ജൈവവള ഉല്പാദന യൂണിറ്റ് എന്നീ ഘടകങ്ങൾക്കായി അപേക്ഷ സമർപ്പിക്കാം. ഉല്പാദനോപാധികൾ, ജൈവവള നിർമാണ യൂണിറ്റ് എന്നിവ കർഷകൻ സ്വന്തം നിലയിൽ കണ്ടെത്തുകയോ നിർമ്മിക്കുകയോ ചെയ്തു ഇൻവോയ്സ് ബില്ലുകൾ സഹിതം കൃഷിഭവനിൽ സമർപ്പിച്ചാൽ ധനസഹായം അക്കൗണ്ടിലേക്കു നിക്ഷേപിക്കുന്നതാണ്. |
| 8 | **പാരമ്പരാഗത കൃഷി വികാസ് യോജന**<br><br>ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി ഉള്ള പദ്ധതി ആണ് പരമ്പരാഗത കൃഷി വികാസ് യോജന. കൃഷി ഭവൻ മുഖേനെ ഒരു പ്രദേശത്തെ ഇരുപതു ഹെക്ടറിൽ കൃഷി ചെയ്യുന്ന കർഷകരെ ഒരു ക്ലസ്റ്റർ ആയി രജിസ്റ്റർ ചെയ്തു, ജൈവ കൃഷി പരിശീലനം , ജൈവ കൃഷി രീതികൾ അവലംബിക്കൽ, ജൈവ സർട്ടിഫിക്കേഷൻ എന്നിവ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. |
| 9 | **പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന**<br><br>2015-16 വർഷം തയ്യാറാക്കിയ ജില്ലാ ജലസേചന പ്ലാനിന്റെ അടിസ്ഥാനത്തിൽ പെർ ഡ്രോപ്പ് മോർ ക്രോപ് (മൈക്രോ ഇറിഗേഷൻ ) , പെർ ഡ്രോപ്പ് മോർ ക്രോപ് (അദർ ഇന്റർവെൻഷൻസ്) എന്നീ വിഭാഗത്തിലായി ജലസേചന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്ന പരിപാടിയാണിത്. കൃഷി, ജലസേചനം ഗ്രാമവികസന വകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പമ്പ്സെറ്റ് , കണിക ജലസേചനം , ജലസ്രോതസ്സ് നിർമ്മാണം എന്നിവയ്ക്ക് ധനസഹായം ലഭിക്കും. പദ്ധതി പ്രകാരം ചെയ്യുന്ന വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള എല്ലാ ഘടകങ്ങൾക്കും മൈക്രോ ഇറിഗേഷൻ എന്ന തത്വത്തിൽ അടിസ്ഥിതമായിരിക്കണം. |
| 10 | **ദേശീയ ബയോഗ്യാസ് വികസന പദ്ധതി**<br><br>ഗാർഹികാവശ്യത്തിനുള്ള ബയോഗ്യാസ് യൂണിറ്റ് നിർമാണത്തിന് ധനസഹായം ലഭിക്കുന്ന ഈ പദ്ധതിയിൽ കൃഷി ഭവനിൽ അപേക്ഷ |

| | |
|---|---|
| | സമർപ്പിച്ചു ടേൺ കീ ഏജൻറ് മുഖാന്തിരം യൂണിറ്റ് പണിതു സബ്സിഡി കൈപ്പറ്റാം. ബാങ്ക് അക്കൗണ്ട് രേഖകളും ഭൂമിയുടെ കൈവശ രേഖയും നിർബന്ധമാണ്. |
| 11 | **പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി**<br><br>പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി പ്രകാരം കർഷകർ കൈവശ ഭൂമിയുടെ രേഖകളും, ബാങ്ക് അക്കൗണ്ടിന്റെ രേഖകളും, ആധാർ കാർഡും സഹിതം കൃഷി ഭവനിൽ അപേക്ഷ സമർപ്പിച്ചാൽ, അർഹരായ കർഷകർക്ക് പ്രതി വർഷം 6000 രൂപ അവരുടെ അക്കൗണ്ടിലേക്കു ലഭ്യമാക്കും. |
| 12 | **സോയിൽ ഹെൽത്ത് കാർഡ്**<br><br>മണ്ണ് പരിശോധിച്ച് അതിന്റെ ഗുണങ്ങൾ രേഖപ്പെടുത്തിയ കാർഡ് കൃഷി ഭവൻ മുഖേന ലഭ്യമാക്കുന്ന പരിപാടിയാണിത്. മണ്ണ് ശേഖരിച്ചു പരിശോധിച്ചു കാർഡ് ലഭ്യമാക്കുന്നത് വരെയുള്ള എല്ലാം സൗജന്യമാണ്. ആധാർ കാർഡ് നിർബന്ധമാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രദർശന കൃഷിക്കുള്ള ആനുകൂല്യവും ലഭിക്കുന്നതാണ്. |
| 13 | **പ്രധാന മന്ത്രി ഫസൽ ഭീമ യോജന**<br><br>അഗ്രികൽച്ചറൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചു കൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമുപയോഗിച്ചു കൊണ്ടുള്ള ഒരു വിള ഇൻഷുറൻസ് പരിപാടിയാണിത്. കാർഷിക ലോണുമായി ബന്ധപ്പെടുത്തിയും അല്ലാതെയും പദ്ധതിയിൽ അംഗമാവാം. അപേക്ഷ ഓൺലൈനായി ബാങ്ക് അക്കൗണ്ട് രേഖയും, കൈവശ ഭൂമി/പാട്ട ഭൂമി രേഖ, ആധാർ പകർപ്പ് സഹിതം സമർപ്പിക്കാം. പ്രീമിയം അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയിൽ ലഭിച്ചാൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. |